വഭിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസായ സഥാപനം ആണ് കൊക്കകോള കമ്പനി. ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളിലും അവിടെ ഹാനികരമായി ഭവിക്കുന്ന എല്ലാ പ്രശ്നങ്ങളിലും ഈ സർക്കാരിന് അതീവ ശ്രദ്ധയുണ്ട്. ജനങ്ങളുടെ പ്രശ്നങ്ങളേക്കാൾ ഉപരി കൊക്കകോള പ്രശ്നം രാഷ്ട്രീയവൽക്കരിക്കാനാണ് നീക്കം. കൊക്കകോളയ്ക്ക് അനുമതി നൽകിയവരാണ് ഈ പ്രശ്നത്തെ പർവ്വതീകരിക്കാൻ ശ്രമിക്കുന്നത് എന്ന് കേരളത്തിലെ ജനങ്ങൾക്ക് അറിയാം. യഥാർത്ഥ്യത്തിൽനിന്ന് ഒളിച്ചോടുന്നത് ഒരിക്കലും ഭൂഷണമല്ല. ഏതെങ്കിലും കുത്തകകളെ സഹായിക്കാൻ ഈ സർക്കാരിന് പ്രത്യേകമായ ശ്രമമൊന്നുമില്ല. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഈ കാര്യങ്ങളേക്കുറിച്ച് പരാമർശിച്ചിരുന്നു. കേവലം അന്ധമായ രാഷ്ട്രീയത്തിന്റെ പേരിൽ നമ്മുടെ നാട്ടിലെ വ്യവസായത്തിന് എതിരു നിൽക്കാനും ഈ സർക്കാർ ഒരുക്കമല്ല. ജനങ്ങളുടെ പരിതത്തിനനുസരിച്ച് പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഈ കേസ് 8-ാം തീയതിയല്ല. 6-ാം തീയതിയാണ് വച്ചിരിക്കുന്നത്. ആറാം തീയതി അതിന്റെ വാദം കേൾക്കുന്നുണ്ട്. ഇതിൽ പ്രത്യേകമായി സമ്മർദ്ദമോ സ്വാധീനമോ തിടുക്കമോ പ്രശ്നമല്ല. എല്ലാ കാര്യങ്ങളും പരിശോധിച്ചശേഷം തദ്ദേശ സ്വയംഭരണ വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കും.

മി. സ്പീക്കർ: ശ്രീ. കൃഷ്ണൻകുട്ടി വെള്ളം വിറ്റു എന്നുപറഞ്ഞത് യഥാർത്ഥമാണെങ്കിൽ നിഷേധിക്കാൻ അവസരം തരാം. പക്ഷേ യഥാർത്ഥമാണെങ്കിൽ പിന്നെ പ്രിവിലേജ് വരും.

(2) പാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആശുപത്രികളിൽ ഡോക്ടർമാരുടേയും മറ്റു സ്റ്റാഫിന്റെയും നിയമനം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, തിരുവിതാംകൂർ ദിവാനായിരുന്ന സർ പി. രാമറാവുവിന്റെ ബന്ധുക്കളായ ആന്ധ്രയിലെ ഒരു റാവു കുടുംബം സൗജന്യമായി നാട്ടുകാർക്ക് നിർമ്മിച്ചുനൽകിയതാണ് എന്റെ മണ്ഡലത്തിലെ നെടുങ്ങോലം രാമറാവു ആശുപത്രി. മുപ്പത് വർഷം മുമ്പ് അത് നടത്തിവന്ന എൽ.എം.എസ്. മിഷനിൽനിന്ന് സർക്കാർ ഏറ്റെടുത്തു. അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്നു എന്റെ മണ്ഡലത്തിലെ എം.എൽ.എ. അത് ഏറ്റെടുത്തിട്ട് ഈ അടുത്ത കാലത്താണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയത്. വളരെയധികം വിസ്തൃതമായ ഭൂപ്രദേശമാണ്. വളരെ മനോഹരമായ കാലാവസ്ഥയുമുള്ള ഒരു ഭൂപ്രദേശത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇന്ന് സി.എച്ച്.സി. പാറ്റേൺ അനുസരിച്ച് ഡോക്ടർമാരില്ല, നഴ്സുമാരില്ല, മറ്റ് സ്റ്റാഫുകളില്ല. അതുപോലെതന്നെ ആശുപത്രിയിൽ മരുന്നില്ലാത്തതിന്റെ പേരിൽ നാട്ടുകാർ കഴിഞ്ഞ ദിവസം ആശുപത്രി ഉപരോധിക്കുകയും ജില്ലാ മെഡിക്കൽ സൂപ്രണ്ട് അവിടെ നിന്ന് അന്യായമായി വർക്കിംഗ് അറേഞ്ചുമെന്റ് അനുസരിച്ച് ജീവനക്കാരെ സ്ഥലം മാറ്റുന്നതിനെതിരായി പ്രക്ഷോഭണം നടത്തുകയുമുണ്ടായി. എത്രയും പെട്ടെന്ന് അവിടെ പാറ്റേൺ അനുസരിച്ച് ഡോക്ടർമാരെയും നഴ്സുമാരെയും സ്റ്റാഫുകളേയും നിയമിക്കുകയും മരുന്ന് വിഭ്യമാക്കുകയും വേണം. അതുപോലെ നെടുമന ടി. ബി. ഹോസ്പിറ്റൽ, കൂടംകൊണ്ട് പാറ അടിച്ചു പൊട്ടിക്കുന്ന പാറത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, കയർ തൊഴിലാളികൾ, കശുവണ്ടിത്തൊഴിലാളികൾ, എല്ലാം തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത്, ഇവർ നെഞ്ചുരോഗം കൊണ്ടുവലയുന്ന ഈ പ്രദേശങ്ങളിൽ നെഞ്ചുരോഗ വിദഗ്ദ്ധരായ ഡോക്ടറില്ല. അവിടെ പാറ്റേൺ അനുസരിച്ചുള്ള ഡോക്ടർമാരെയും സ്റ്റാഫുകളേയും നിയമിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, 1894-ൽ പ്രവർത്തനം ആരംഭിച്ച ഈ ആശുപത്രി 1971-ൽ ആണ് സംസ്ഥാന സർക്കാർ ഏറ്റെടുത്തത്. 20-3-2003-ൽ ആശുപത്രി ഒരു കമ്മ്യൂണിറ്റി മെൻറൽ ഹെൽത്ത് സെന്ററായി ഉയർത്തുകയുണ്ടായി. ഈ സ്ഥാപനത്തിൽ ഇപ്പോൾ ഡോക്ടർമാർ-2, നഴ്സിംഗ് സൂപ്രണ്ട്-1, ഹെഡ് നഴ്സ്-1, സ്റ്റാഫ് നഴ്സ്-7, നഴ്സിംഗ് അസിസ്റ്റന്റ്-5, ഹോസ്പിറ്റൽ അറ്റൻഡർ-6 എന്നീ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ ഡോക്ടർമാരുടെ ഒഴിവ് നിലവിലില്ല. ദിവസേന ശരാശരി 250 രോഗികൾ ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്കു വരുന്നു. അനുവദിച്ചിട്ടുള്ള 91 കിടക്കകളിൽ 60 മുതൽ 70 വരെ രോഗികളെ മാത്രമേ കിടത്തി ചികിത്സിക്കുന്നുള്ളു. അതുകൂടാതെ ഇവിടെ പ്രവർത്തിക്കുന്ന ക്ഷയരോഗ ചികിത്സാ കേന്ദ്രത്തിൽ ഒരു മാസം 15-നും 30-നും ഇടയ്ക്ക് രോഗികൾ ചികിത്സയ്ക്ക് എത്തുന്നുണ്ട്. പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിന് നിരോധനമുള്ളതിനാൽ ഈ കമ്മ്യൂണിറ്റി മെൻറൽ ഹെൽത്ത് സെന്ററിന് അനുവദിച്ചിട്ടുള്ള എല്ലാ ജീവനക്കാരേയും നിയമിക്കാൻ തൽക്കാലം ബുദ്ധിമുട്ടുണ്ട്. എന്നിരിക്കിലും പുനർവിന്യാസത്തിലൂടെ, ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. നെടുമ്പന ഗവൺമെന്റ് ആശുപത്രിയിൽ ഒരു സിവിൽ സർജന്റേയും രണ്ട് അസിസ്റ്റന്റ് സർജൻമാരുടേയും തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. രണ്ട് ആശുപത്രികളുടെ കാര്യം പറഞ്ഞു. ഒന്നിന്റേതു മാത്രമേ ഞാൻ പറഞ്ഞുള്ളു. രണ്ടാമത്തേതാണ് പറയുന്നത്. ഇതിൽ ഒരു അസിസ്റ്റന്റ് പ്രൊഫസർ പ്രൊമോഷൻ ട്രാൻസ്ഫറിലാണ്. ബാക്കിയുള്ള രണ്ട് ഡോക്ടർമാർ ജോലിയെടുത്തുവരുന്നുണ്ട്. ഇതുകൂടാതെ നഴ്സിംഗ് സൂപ്രണ്ട്-1, ഹെഡ് നഴ്സ്-3, സ്റ്റാഫ് നഴ്സ്-9, ഫാർമസിസ്റ്റ്-1, ലാബ് ടെക്നീഷ്യൻ-1, നഴ്സിംഗ് അസിസ്റ്റന്റ്-7, ഹോസ്പിറ്റൽ അറ്റൻഡർ-10, പാർട്ട്-ടൈം സ്വീപ്പർ-2 എന്നീ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. അതിൽ ഏതാനും തസ്തികകൾ മാത്രമേ ഒഴിവുള്ളു. ഇവിടെ 75 കിടക്കകളാണ് അനുവദിച്ചിട്ടുള്ളത്. ശരാശരി 48 രോഗികൾക്ക് ഐ.പി. വിഭാഗത്തിലും 265 രോഗികൾക്ക് ഒ.പി. വിഭാഗത്തിലും ചികിത്സ നൽകിവരുന്നു. ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന ടി.ബി. സെന്ററിൽനിന്ന് 6 രോഗികൾക്ക് മാസം തോറും മരുന്ന് നൽകിവരുന്നുണ്ട്. പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിന് നിരോധനം നിലനിൽക്കുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ കുറവ് പുനർവിന്യാസത്തിലൂടെ നികത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. മറ്റ് ആശുപത്രികളിൽനിന്ന് വ്യത്യസ്തമായി ഇവിടെയുള്ളത് അനുവദിച്ചിട്ടുള്ള കിടക്കകൾക്കനുസരിച്ച് രോഗികൾ ആശുപത്രിയിൽ എത്തുന്നില്ല എന്നുള്ളതാണ്.

(3) കുട്ടനാട് രാമങ്കരി ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻസിഫ്/മജിസ്ട്രേറ്റ് കോടതിയാക്കി മാറ്റണമെന്ന ആവശ്യം

ഡോ. കെ. സി ജോസഫ്: സർ, വളരെ അവികസിതവും യാത്രാ സൗകര്യങ്ങൾ കുറഞ്ഞതുമായ കുട്ടനാട് മേഖലയിലെ ജനങ്ങൾ വ്യവസായ വ്യവഹാരങ്ങൾക്കായി ഇന്ന് ആലപ്പുഴയിൽ പോകേണ്ട സാഹചര്യമാണുള്ളത് കുട്ടനാട്ടിലെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ച് രണ്ടായിരാമാണ്ടിൽ ബഹുമാനപ്പെട്ട ഹൈക്കോടതി രാമങ്കരിയിലുള്ള ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻസിഫ്/മജിസ്ട്രേറ്റ് കോടതിയാക്കി മാറ്റുന്നതിനുള്ള ശുപാർശ ഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. അന്നത്തെ ഗവൺമെന്റ് ആ റിപ്പോർട്ടിൻമേൽ അതേ തുടർന്നുവരുന്ന വർഷം ബഡ്ജറ്റിൽ ആവശ്യമായ തുക ഉൾക്കൊള്ളിച്ചുകൊണ്ട് കോടതിയെ രൂപാന്തരപ്പെടുത്തി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയാക്കി മാറ്റുന്നതാണെന്ന് ഉത്തരവ് നൽകുകയുണ്ടായി. എന്നാൽ അതിനുശേഷം അനന്തര നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly